# പ്ലാച്ചിമടയിൽ ചെന്നപ്പോൾ

ഇ. കെ. ഇഷിത

**കൊക്കകോള കമ്പനിമൂലം ജനങ്ങൾ നേരിടുന്ന കഷ്ടതകളെക്കുറിച്ച് വായിച്ചറിഞ്ഞതും കേട്ടറിഞ്ഞതുമായത് അനുഭവിച്ചറിയാൻ മുണ്ടൂർ സൽസബീൻ സ്കൂളിലെ കുട്ടികൾ പ്ലാച്ചിമട സന്ദർശിച്ചു. 25 കുട്ടികളും 6 അധ്യാപകരുമായി നടത്തിയ യാത്രയിൽ തങ്ങൾ തിരിച്ചറിഞ്ഞ വസ്തുതകൾ അവർ പങ്കുവെക്കുന്നു**

ഒരു ഭാഗത്ത് പൂന്തോട്ടത്താൽ കൃത്രിമഭംഗിയുണ്ടാക്കി വികസനത്തിന്റെ മുന്നോടിയായി നിൽക്കുന്ന കൊക്കോകോള കമ്പനിയുടെ കവാടം. മറുഭാഗത്ത് 'ഒന്നുകിൽ മരിക്കുക അല്ലെങ്കിൽ ചെറുക്കുക' എന്ന ഉറച്ച ലക്ഷ്യത്തോടെ 'FRESH AIR, FRESH WATER, OUR BIRTH RIGHT', 'വിനാശം വിതയ്ക്കുന്ന വികസനം വേണ്ട വേണ്ട' എന്ന പ്ലക്കാർഡുകളുമായി നിൽക്കുന്ന അധ്വാനിക്കുന്ന ഒരു ജനത – പ്ലാച്ചിമടയിൽ ഞങ്ങൾ കണ്ട ആദ്യ കാഴ്ച.

കമ്പനിപരിസരത്ത് രണ്ടായിരത്തോളം കുടുംബങ്ങളുണ്ട്. കൃഷിക്കാരും കൂലിപ്പണിക്കാരുമാണവർ. എസ്. എസ്. എൽ. സിയാണ് പഠനനിലവാരം. അതിലും കൂടുതൽ വിദ്യ അഭ്യസിച്ചിട്ടുള്ളവർ ഇന്ന് കോള കമ്പനിയിൽ ജോലി ചെയ്യുന്നു. കമ്പനി തുടങ്ങുന്നതിനു മുമ്പ് ചില വാഗ്ദാനങ്ങൾ കമ്പനി ഇവർക്കു നൽകിയിരുന്നു. 75 ശതമാനം പരിസരവാസികൾക്ക് ജോലി നൽകാം എന്നത് അതിലൊന്ന്. കമ്പനി തുടങ്ങിയപ്പോൾ ശമ്പളം 45 രൂപ മാത്രം. കൂലിപ്പണി ചെയ്താൽ അന്ന് 150 രൂപയും കൂലിയും കിട്ടും. സ്വാഭാവികമായും ഫാക്ടറിയിലെ ജോലി പലരും സ്വീകരിച്ചില്ല.

കമ്പനി സ്ഥാപിതമായിട്ട് 4 വർഷം ആയെങ്കിലും ഉല്പാദനം തുടങ്ങിയിട്ട് ഏകദേശം രണ്ടര വർഷമേ ആയിട്ടുള്ളൂ. ഇടക്കാലത്തിലൊന്നും കമ്പനിമൂലം പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അവർ നേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ് കുടിവെള്ളം. "പണ്ടു തൊട്ടേ ഞങ്ങൾക്ക് വെള്ളത്തിന് ക്ഷാമമായിരുന്നു. പക്ഷേ, അത് വേനൽക്കാലത്തു മാത്രം. ഇപ്പോഴാണെങ്കിൽ സമൃദ്ധിയായി വെള്ളം കിട്ടുമ്പോഴും ഉള്ള വെള്ളം കുടിക്കാൻ പറ്റാത്ത അവസ്ഥ. രാസവസ്തുക്കൾ ചേർന്ന് മലിനമായ വെള്ളം. ഈ വെള്ളം ഉപയോഗശൂന്യമാണ്. വെള്ളത്തിന്റെ രുചിയിൽ വല്ലാത്ത വ്യത്യാസം. കുളിച്ചാൽ തലവേദന, കുടിച്ചാൽ വയറുവേദന. രണ്ടുപേർ ആശുപത്രിയിലാണ്. വെള്ളത്തിന്റെ മാറ്റം ശ്രദ്ധിച്ചുതുടങ്ങിയിട്ട് 6 മാസമായി. തിരുവനന്തപുരത്തേക്ക് വെള്ളം പരിശോധിക്കാൻ അയച്ചപ്പോൾ കോളയുടെ രാസവസ്തു മൂലമാണ് വെള്ളത്തിന്റെ മാറ്റം എന്നാണ് തെളിഞ്ഞത്." ലോറി ഡ്രൈവറായ മുത്തുച്ചാമി തന്റെ ദുഃഖം പങ്കുവയ്ക്കുന്നു.

ഈ ഫാക്ടറിയിൽ ഉപയോഗശൂന്യമായ വസ്തുക്കൾ ടാങ്കുകളിൽ ശേഖരിച്ചുവെച്ച് കട്ടയാകുമ്പോൾ വളമാണെന്നു പറഞ്ഞ് പാവപ്പെട്ട കർഷകർക്കു കൊടുക്കുന്നു. രൂക്ഷമായ ദുർഗന്ധമാണതിന്. അതിൽ ചവിട്ടിയാൽ വ്രണം വരുന്നു. ഈ വളം ഉപയോഗിച്ച തെങ്ങുകളിൽ നിന്നുള്ള ഇളനീർ കുടിച്ചാലും ദോഷങ്ങളുണ്ട്. മുമ്പ് പകൽ കൊണ്ടുപോയിരുന്ന വളമെന്നു പറയുന്ന രാസവസ്തു രാത്രിയിലാണ് ഇപ്പോൾ കൃഷിയിടങ്ങളിലും പറമ്പുകളിലും നിക്ഷേപിക്കുന്നത്.

ഇപ്പോൾ കമ്പനി ടാങ്കുകളിൽ നാട്ടുകാർക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കുന്നു. തങ്ങൾ ജനങ്ങളോടു ചെയ്യുന്ന അപരാധത്തിന്റെ കുറ്റബോധമോ എന്തോ? അതിന്റെ പിന്നിൽ ഉന്നത രാഷ്ട്രീയസ്വാധീനമുള്ളവരുടെ അനുഗ്രഹാശിസ്സുകൾ ഉണ്ടെന്നത് വളരെ വ്യക്തമായി അറിയുവാനും കഴിഞ്ഞു.

ഞങ്ങളുടെ ലക്ഷ്യം കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരെ കണ്ട് അവരുമായി ആശയപ്രതിവാദം നടത്തുകയും കേട്ട വസ്തുതകൾ ശരിയാണോ എന്ന് വിലയിരുത്തുകയുമായിരുന്നു. കുട്ടികളെന്ന നിലയിൽ ഞങ്ങളുമായി സംസാരിക്കാൻ തയ്യാറായ അധികൃതർ അധ്യാപകരെ മാറ്റിനിർത്തി. എന്നാൽ ബാലിശമായ വാദഗതിയിലൂടെ കമ്പനിയുടെ താല്പര്യങ്ങളെ ന്യായീകരിക്കുവാനാണ് ആദ്യാവസാനം അവർ ശ്രമിച്ചത്.

## ആഗസ്റ്റ് 4ന് റാലിയും പൊതുയോഗവും

കൊക്കകോള വിരുദ്ധ സമരത്തിന്റെ ഭാഗമായി പ്ലാച്ചിമടയിൽ ആഗസ്റ്റ് 4ന് വൈകീട്ട് 3ന് റാലിയും പൊതുയോഗവും സംഘടിപ്പിക്കുന്നു. വിവിധ സംഘടനകളുടെ സഹകരണത്തോടെ നടക്കുന്ന പരിപാടിയിൽ ന്യൂ ഡൽഹി, ആന്ധ്രാപ്രദേശ് തുടങ്ങിയവിടങ്ങളിൽ നിന്നും പങ്കാളിത്തമുണ്ടായിരിക്കും. വണ്ടിത്താവളത്തു നിന്നും ആരംഭിക്കുന്ന റാലിയിൽ 4000 – ത്തോളം പേരെ പങ്കെടുപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി സമരസമിതി അറിയിച്ചു.